


# രക്ഷകനെ

# കാത്തിരുന്ന ജനം

5

**സീറോ മലബാർ സഭയുടെ വിശ്വാസ**

**പരിശീലന പാഠാവലി.**

പാഠം 15

# മിശിഹായെക്കുറിച്ചുള്ള വാഗ്ദാനങ്ങളും പ്രവചനങ്ങളും





ദൈവത്തെ മറന്നു ജീവിക്കുന്ന ജനത്തിനു പ്രവാച കൻമാർ മുന്നറിയിപ്പു നല്കി. ജനത്തിൽ കലഹവും അസമാധാനവും പടർന്നു.

# രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ

## മോശ ഇസ്രായേൽ ജനത്തോടു പറഞ്ഞു:

കർത്താവ് അരുളിച്ചെയ്യുന്നു. ‘നിന്റെ സഹോദരൻമാരുടെ ഇടയിൽനിന്നു നിന്നേപ്പോലൊരു പ്രവാചകനെ ഞാൻ അവർക്കുവേി അയക്കും. എന്റെ വാക്കുകൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. ഞാൻ കല്പിക്കുന്നതെല്ലാം അവൻ അവരോടു പറയും’.

(നിയമാവർത്തനം18.18)

ഏദൻതോട്ടത്തിൽ വച്ചും രക്ഷകനെപ്പറ്റിയുള്ള വാഗ്ദാനമുണ്ട്.

# രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ

1. ഏശയ്യയുടെ ഇമ്മാനുവേൽ പ്രവചനം. 'യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രവസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും'.

ഇമ്മാനുവേൽ എന്നവാക്കിന്റെ അർത്ഥം

**ദൈവം നമ്മോടുകൂടെ**

2. ജറമിയായുടെ പ്രവചനം: 'ദാവീദിന്റെ ഭവനത്തിൽനിന്നു നീതിമാനായ ഒരു മുളയെ ഞാൻ കിളിർപ്പിക്കും'.

3. മറ്റു പ്രവാചകരുടെ പരാമർശ്ശങ്ങൾ: ദാവീദിന്റെ വംശവുമായി മിശിഹായ്ക്കുള്ള ബന്ധം നാഥാനും, ജറെമിയായും സൂചിപ്പിക്കുന്നു.


4. മിക്ക- മിശിഹാ യുഗങ്ങൾക്കു മുമ്പേയുള്ളവൻ എന്നു പ്രവചിച്ചു


5. സഖറിയ - കഴുതക്കുട്ടിയുടെ പുറത്തു കയറി വരുന്ന വിനയാന്വിതനായ രാജാവ്.


6. എസക്കിയേൽ- മിശിഹ നല്ല ഇടയൻ


# സ്നാപകയോഹന്നാന്റെ സക്ഷ്യം


## മിശിഹായ്ക്ക് വഴിയൊരുക്കിയവൻ



# പ്രവചനങ്ങളുടെ പൂർത്തീകരണം

പ്രവചനങ്ങളെല്ലാം പൂർത്തിയാകുന്നത് ഈശോയിലാണ്.

പറുദീസായിലാരംഭിച്ച രക്ഷാകരപദ്ധതി പഴയനിയമത്തിലൂടെ തുടർന്ന് പുതിയ നിയമത്തിൽ പൂർത്തിയായി.

ഈശോയുടെ കുരിശിലൂടെയുള്ള രക്ഷ അനുഭവിക്കുന്നവരാണു നാം.



# നമുക്കു പ്രാർത്ഥിക്കാം

**പ്രവചനങ്ങളുടെ പൂർത്തീകരണമായ ഈശോയെ**

**രക്ഷകനായ അങ്ങയെ സ്വീകരിക്കാൻ ഞങ്ങളെ**

**നുഗ്രഹിക്കണമേ**



# നമുക്കു പാടാം

രക്ഷകനീശോ വന്നു
രക്ഷണമേകീമന്നിൽ
നിത്യനാമഭിഷിക്തൻ
സത്യത്തിൽ പ്രഭാമയൻ

നമ്മോടുകൂടെ വാഴു-
മിമ്മാനുവേലീമർത്ത്യ
വൃന്ദത്തിനേകീയുഗ
സാക്ഷ്യവും പ്രസാദവും

രാജാവാണവൻ പക്ഷേ
രാജ്യമാസ്വർഗം, സ്വന്തം
ജീവരക്തമീമന്നിൽ
ജീവനേകുവാൻ ചിന്തി.

പൂർത്തിയായ് പ്രവാചകർ
ചൊന്നതൊക്കെയും ദൈവ-
പുത്രനിൽ, രക്ഷാകര
പദ്ധതിയിതാണല്ലോ!

# ദൈവവചനം വായിക്കാം, വിവരിക്കാം

**പ്രവചനങ്ങളുടെ പൂർത്തീകരണമായ ഈശോയുടെ ജനനത്തെക്കുറിച്ച് വിവരിക്കുക. (മത്താ. 1.18-25)**



## വഴികാട്ടാൻ ഒരു തിരുവചനം

**‘അവൻ വളരുകയും ഞാൻ കുറയുകയും വേണം’ (യോഹ. 3:30)**

# എന്റെ തീരുമാനം

രക്ഷകനായ ഈശോയെ ലോകത്തിനു കാണിച്ചു കൊടുത്ത സ്നാപകയോഹന്നാനെപ്പോലെ ഞാനും എന്റെ കൂട്ടുകാർക്ക് ഈശോയെ കാണിച്ചുകൊടുക്കും.

# ബോധ്യങ്ങൾ

* ഈശോയെ രക്ഷകനായി ലോകത്തിനു നൽകുമെന്ന പ്രവചനങ്ങൾ ഉായി.

* പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ഈശോ.



# മനോഭാവങ്ങൾ

* നമുക്കായി രക്ഷകനെ നൽകിയ ദൈവത്തെ നാം സ്തുതിക്കണം.

* ലോകരക്ഷകനായ ഈശോയെക്കുറിച്ചു നാം മറ്റുള്ളവരോടു പറയാൻ കടപ്പെട്ടവരാണ്.

# ശീലങ്ങൾ

* ഈശോയെ ഞാൻ എന്റെ കൂട്ടുകാർക്കു പരിചയപ്പെടുത്തും.




THANK
YOU